(ഇ) ഇതിന്റെ ഭാഗമായി നടന്ന കലാപരിപാടികളുടെ ടി.വി. പ്രക്ഷേപണാവകാശം ഏതെങ്കിലും ചാനലിന് വിറ്റിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മാനവീയം സാംസ്ക്കാരിക മിഷന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരു അംഗമാണ് ശ്രീ. എം. എ. ബേബി.

(ബി) യാത്രാപ്പടി ഇനത്തിൽ അദ്ദേഹം തുകയൊന്നും കൈപ്പറ്റിയിട്ടില്ല.

(സി) മാനവീയം പരിപാടിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചെലവുകൾക്ക് 2,46,548 രൂപ ചെലവായി. ഇതിൽ കിഷോരി അമോങ്കർക്ക് നൽകിയ പ്രതിഫലമായി 1,75,000 രൂപയും ഉൾപ്പെടും. പണ്ഡിറ്റ് രവിശങ്കറിന് 8 ലക്ഷം രൂപയും പ്രതിഫലമായി നൽകി.

(ഡി) 10,500 രൂപ നൽകി.

(ഇ) വിൽക്കുകയുണ്ടായില്ല.

സാംസ്ക്കാരിക പരിപാടികൾ

8 (1203) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സാംസ്ക്കാരിക പരിപാടികൾ നടത്തിയിട്ടുണ്ട് ; ഇവയിൽ എത്ര പരിപാടികൾ തിരുവനന്തപുരത്ത് നടത്തി ;

(ബി) പ്രസ്തുത സാംസ്ക്കാരിക പരിപാടികൾ ഏതൊക്കെയായിരുന്നു ; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചു ;

(സി) സാംസ്ക്കാരിക പരിപാടികൾ തിരുവനന്തപുരത്തു മാത്രം സംഘടിപ്പിക്കാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള ഫോക്‌ലോർ അക്കാഡമി 34 ഉം സംഗീത നാടകഅക്കാദമി 45 ഉം കലാമണ്ഡലം 8 ഉം കേരള സാഹിത്യ അക്കാഡമി 39 ഉം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ 7 പരിപാടികൾ തിരുവനന്തപുരത്തു നടത്തിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട സാംസ്ക്കാരിക പരിപാടികൾ താഴെപ്പറയുന്നവയാണ്

1. കേരള കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കേരളീയം-99
   ചെലവ് - 10,22,294 രൂപ
2. ഫോക്‌ലോർ അക്കാഡമിയുടെ നാടൻ കലാസംഗമം
   ചെലവ് - 6,25,713 രൂപ
3. സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടന്ന ദക്ഷിണമേഖലാ നാടകമത്സരം-1996
   ചെലവ് - 61,560 രൂപ

LIBRARY ARCHIVES Kerala Legislative Assembly

4. ദേശീയ നൃത്തോത്സവം-1997
ചെലവ് - 97,700 രൂപ
5. പ്രൊഫഷണൽ നാടകമത്സരം
ചെലവ് - 1,49,655 രൂപ
6. സാഹിത്യ അക്കാഡമിയുടെ ദേശീയ സാഹിത്യസംഗമം
ചെലവ് - 1,38,563 രൂപ

(സി) തിരുവനന്തപുരത്തു മാത്രമല്ല ഇതരജില്ലാ കേന്ദ്രങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പരിപാടികൾ ഇപ്പോൾതന്നെ സംഘടിപ്പിക്കുന്നുണ്ട്.

കൃഷ്ണപുരം കൊട്ടാരം നവീകരണം

9 (1204) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷ്ണപുരം കൊട്ടാരം നവീകരണം പൂർത്തിയായോ ;

(ബി) മ്യൂസിയം പ്രവർത്തനം ആരംഭിച്ചോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷ്ണപുരം കൊട്ടാരത്തിനായി എന്തു തുക ചെലവഴിച്ചു ;

(ഡി) കൊട്ടാരത്തിന്റെ നവീകരണം, സമീപത്തുള്ള പഴയ കൊട്ടാരം, ക്ഷേത്രം ഏറ്റെടുക്കൽ, കായംകുളം വാൾ കണ്ടുപിടിക്കൽ തുടങ്ങി കായംകുളം എം.എൽ.എ. കഴിഞ്ഞ നാലു വർഷങ്ങളായി ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കുമോ ;

(ഇ) ഇപ്പോഴത്തെ സാംസ്ക്കാരിക വകുപ്പു മന്ത്രിയും പുരാവസ്തു ഡയറക്ടർമാരും എത്ര പ്രാവശ്യം വീതം കൃഷ്ണപുരം കൊട്ടാരത്തിൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണ ജോലികൾക്ക് മേൽനോട്ടം വഹിച്ച ശ്രീ. മോഹൻ എബ്രഹാമിന് ലഭിച്ചിട്ടുള്ള വിദഗ്ദ്ധ പരിശീലനത്തിന്റെ വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) കൃഷ്ണപുരം കൊട്ടാരത്തിന്റെ നവീകരണപ്പണികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

(ബി) മ്യൂസിയം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷ്ണപുരം കൊട്ടാരത്തിനായി ആകെ 24,33,548 രൂപ (ഇരുപത്തിനാലു ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപാമാത്രം) ചെലവഴിച്ചു.

(ഡി) കൊട്ടാരത്തിന്റെ നവീകരണം പൂർത്തിയാക്കുകയും കായംകുളം വാൾ കണ്ടെത്തി ടി കൊട്ടാരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമീപത്തുള്ള കൊട്ടാര ക്ഷേത്രം ഏറ്റെടുക്കുന്നതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly